ന്തപുരവും ജില്ലകളെ സംബന്ധിച്ച് ഞങ്ങൾ തീരുമാനമെടുത്തിട്ടില്ല. ഇനി തുടർച്ചയായി കാലവർഷം വരാൻ പോകുകയാണ്. വടക്കൻ ജില്ലകളിൽ ഇപ്പോഴാണ് കാലവർഷം ആരംഭിച്ചിട്ടുള്ളത്. ഏതു സാഹചര്യവും നേരിടാൻ തക്ക വിധത്തിൽ ജനപ്രതിനിധികളേയും പൊതുപ്രവർത്തകരേയും ബന്ധപ്പെടുത്തി ദുരിതാശ്വാസപ്രവർത്തനങ്ങൾ നിർവഹിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭ കൂടുന്നതുകൊണ്ട് അടുത്ത ശനി, ഞായർ ദിവസങ്ങളിൽ എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെ യോഗം വിളിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ അവിടവിടെ നിർവ്വഹിക്കേണ്ട കാര്യങ്ങൾ നിർവഹിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സാമ്പത്തിക തടസ്സം ദുരിതാശ്വാസ പ്രവർത്തനങ്ങളെ ബാധിക്കരുതെന്നുള്ള രീതിയിലാണ് ആവശ്യമായ ഫണ്ട് സമയാസമയങ്ങളിൽ അനുവദിക്കുമെന്ന് കളക്ടർമാരെ അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് ഒരു ആശങ്കയ്ക്കും ഇടയില്ലാത്തവിധം ജനങ്ങൾക്ക് വന്നിട്ടുള്ള ദുരിതങ്ങളിലും പ്രയാസങ്ങളിലും ഗവണ്മെന്റ് പങ്കു ചേരുന്നുണ്ട്.

ഡോ.കെ.സി. ജോസഫ് : കാലവർഷക്കെടുതിയിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കു നൽകുന്ന സംഖ്യ അമ്പതിനായിരമാക്കണം.

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇന്നലെവരെ കൊടുത്തത് ഇരുപത്തയ്യായിരം രൂപയാണ്. ഇന്ന് ആ തുക മുപ്പതിനായിരമാക്കി.

ശ്രീ. എ. കണാരൻ : ഇരുപത്തയ്യായിരം രൂപ എന്നു പറയുന്നത് ഒരു പിശുക്കൻ നയമായിപ്പോയി. ആ തുക അമ്പതിനായിരം രൂപയായി വർദ്ധിപ്പിക്കണം. തിരുവനന്തപുരം ജില്ലയിലും ആദിവാസി കുടിലുകളിൽ കഴിയുന്നവരുണ്ട്. വെള്ളം കയറിയിട്ട് അവർക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അവർക്കുകൂടി സൗജന്യ റേഷൻ അനുവദിക്കേണ്ടതാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ : മരിച്ചവരുടെ ആശ്രിതർക്കുള്ള സാമ്പത്തിക സഹായം പതിനയ്യായിരം രൂപയായിരുന്നതു മാറ്റി ഇരുപത്തയ്യായിരമാക്കി. അത് ഈ ആഴ്ച മുതൽ മുപ്പതിനായിരം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സൗജന്യ റേഷന്റെ കാര്യം തീരപ്രദേശങ്ങളിൽനിന്നും കയർ മേഖലകളിൽ നിന്നും ഒക്കെ ഉയർന്നു വന്നിട്ടുണ്ട്. പക്ഷെ കാലവർക്കെടുതിയുടെ ഭാഗമായി കൊടുക്കുമ്പോൾ അതിന്റെ പരിധിയിൽ നിന്നുകൊണ്ടേ ഈ പ്രശ്നത്തെ സമീപിക്കാൻ സാധിക്കൂ. അതുകൊണ്ടാണ് ആ അടിസ്ഥാനത്തിൽ ഞങ്ങൾ പ്രവർത്തിച്ചത്. ബന്ധപ്പെട്ട കളക്ടറുമായും ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്തു. ഇപ്പോൾ അതിവർഷമുണ്ടായി എന്നു പറയപ്പെടുന്ന കൊല്ലം, തിരുവനന്തപുരം മേഖലകളിൽ സൗജന്യ റേഷൻ കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഈ ജില്ലകളിലും സൗജന്യ റേഷൻ കൊടുക്കേണ്ടതുണ്ടോ എന്ന് കളക്ടർമാരുമായും മറ്റ് ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്തശേഷം ആവശ്യമെങ്കിൽ തീർച്ചയായും സൗജന്യ റേഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

VI. സബ്മിഷൻ

(1) തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുള്ള വിമാന സർവ്വീസുകൾ റദ്ദ് ചെയ്തതു സംബന്ധിച്ച്

ശ്രീ. ആന്റണി രാജു : സർ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ പ്രാധാന്യം കുറയ്ക്കാനും രാജ്യാന്തര പദവി ഇല്ലാതാക്കാനും നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമായി എയർ ഇൻഡ്യ തിരുവനന്തപുരത്തു നിന്നുള്ള വിമാന സർവ്വീസുകൾ ഒന്നൊന്നായി മാറ്റിക്കൊണ്ടു പോകുകയാണ്. ആഴ്ചയിൽ 26 സർവ്വീസുകൾ നടത്തിയിരുന്ന എയർ ഇൻഡ്യ 19 എണ്ണം വെട്ടിക്കുറച്ചിരിക്കുകയാണ്. അത് അങ്ങേക്കും അറിയാവുന്നതാണ്. ഇപ്പോൾ ഏഴ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസുകൾ മാത്രമാണ് തിരുവനന്തപുരത്തിനിന്നും എയർ ഇൻഡ്യ ഓപ്പ റേറ്റ് ചെയ്യുന്നത്. ദുബായ്, ടെഹറാൻ എന്നിവിടങ്ങളിലേയ്ക്കുള്ള കുത്തക എയർ ഇൻഡ്യയ്ക്കാണ്. പ്രസ്തുത സെക്ടറുകളിൽപ്പോലും ഒരാഴ്ചയിൽ എട്ട് സർവ്വീസുകൾ നടത്തിയിരുന്ന എയർ ഇൻഡ്യ മൂന്ന് സർവ്വീസാക്കി വെട്ടി ക്കുറച്ചിരിക്കുകയാണ്. തിരുവനന്തപുരത്തുനിന്നും പ്രതിവർഷം 15% യാത്രക്കാ രുടെ വർദ്ധനവുണ്ടെന്ന് പഠനത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുപ്പോലും യാത്രക്കാ രില്ല എന്നുള്ള തെറ്റായ, അടിസ്ഥാനരഹിതമായ വാർത്ത പ്രചരിപ്പിച്ചുകൊണ്ട് എയർ ഇൻഡ്യ സർവ്വീസുകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. ഗൾഫ് ഫ്ളൈറ്റുക

12. Noon

ളിൽ നാലു മാസം മുമ്പുതന്നെ ടിക്കറ്റ് ഫുൾ ആവുകയാണ്. ഇന്നു രാവിലെ രണ്ടു ടിക്കറ്റിനുവേണ്ടി ഞാൻ എയർ ഇൻഡ്യ ഓഫീസിൽ വിളിച്ചുചോദിച്ചു. സെപ്റ്റംബർ മാസംവരെ എയർ ഇൻഡ്യയിൽ ഗൾഫിലേക്കുള്ള ടിക്കറ്റ് ഫുൾ ആണെന്ന് മറുപടി കിട്ടി. ഇവിടെ പ്രചരിപ്പിക്കുന്ന വാർത്ത ഇവിടെനിന്നും ഗൾഫ് നാടുകളിലേക്ക് യാത്രക്കാരി ല്ലെന്നാണ്. യഥാർത്ഥത്തിൽ ടിക്കറ്റ് കിട്ടാതെ യാത്രക്കാർ തിരുവനന്തപുരത്ത് കാത്തുകിടക്കേണ്ടിവരുന്നു. തിരുവനന്തപുരം-സിംഗപ്പൂർ സെക്ടർ ലാഭകരമ ല്ലെന്നു പറഞ്ഞ് എയർഇൻഡ്യ ഏഴു മാസം മുമ്പ് അത് ഹൈദരാബാദിലേക്ക് മാറ്റിക്കൊണ്ടുപോയി. ഇവിടെ 80% യാത്രക്കാർ പ്രതിദിനം ഉണ്ടായിരുന്നു. ഇപ്പോൾ ഹൈദരാബാദിൽനിന്നും ഓപ്പറേറ്റു ചെയ്യുമ്പോൾ 60% മാത്രമായിട്ടു പോലും ഹൈദരാബാദ്-സിംഗപ്പൂർ സെക്ടർ ലാഭകരമാണെന്നു പറഞ്ഞു കൊണ്ട് അവിടെ നടത്തിക്കൊണ്ടിരിക്കുന്നു. അതേസമയം എയർ ഇൻഡ്യ നഷ്ടമാണെന്നു പറഞ്ഞ് ഉപേക്ഷിച്ച സിംഗപ്പൂർ-തിരുവനന്തപുരം സെക്ടർ ഒരു വിദേശ കമ്പനിയായ സിൽക്ക് എയർ ലാഭകരമായി ഇപ്പോഴും നടത്തി ക്കൊണ്ടിരിക്കുകയാണ്. അപ്പോൾ ഇതിന്റെ പിന്നിലുള്ളത് കള്ളക്കളിയല്ലേ? അതുപോലെ തിരുവനന്തപുരം കുവൈറ്റ് സെക്ടർ 1985-ൽ എയർ ഇൻഡ്യ ഉപേക്ഷിച്ചതാണ്. കഴിഞ്ഞ 14 വർഷമായി കുവൈറ്റ് എയർലൈൻസ് ലാഭകര മായി തിരുവനന്തപുരത്തുനിന്നും കുവൈറ്റിലേക്ക് സർവ്വീസ് നടത്തി ക്കൊണ്ടിരിക്കുന്നു. വിദേശ കമ്പനികളെല്ലാം ഇവിടെനിന്നും സർവ്വീസ് നട ത്തുമ്പോൾ ലാഭം; എയർ ഇൻഡ്യക്ക് നഷ്ടം. ഗൾഫ് എയർലൈൻസ്, ഖത്തർ എയർലൈൻസ്, ഒമാൻ എയർലൈൻസ്, കുവൈറ്റ് എയർലൈൻസ്, എയർ ലങ്ക, എയർ മാൽദ്വീപ് തുടങ്ങിയ എയർലൈൻസുകളെല്ലാം തിരുവന ന്തപുരത്തു നിന്നും വർഷങ്ങളായി സർവ്വീസ് നടത്തുമ്പോൾ അവർ തുടങ്ങിയ സർവ്വീസുകൾ ഒന്നുപോലും വെട്ടിക്കുറച്ചിട്ടില്ല. എയർ ഇൻഡ്യ മാത്രം തുടങ്ങിയ സർവ്വീസുകൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. ടിക്കറ്റ് വിലയിലെ ഇളവിൽപ്പോലും തിരുവനന്തപുരത്തോട് എയർ ഇൻഡ്യ വിവേചനവും അവ ഗണനയുമാണ് കാണിക്കുന്നത്. ബോംബെയിൽനിന്ന് യാത്ര ചെയ്താൽ 20% ഡിസ്ക്കൗണ്ട്, കോഴിക്കോട് നിന്ന് യാത്ര ചെയ്താൽ 15% ഡിസ്ക്കൗണ്ട്, തിരുവനന്തപുരത്തു നിന്ന് യാത്ര ചെയ്യുന്നവർക്ക് മാത്രം 10% ഡിസ്ക്കൗണ്ട്. ഇത് അനീതിയല്ലേ? അതുപോലെത്തന്നെ തിരുവനന്തപുരം വിമാനത്താവള ത്തിൽനിന്നും ഒരു വിദേശ വിമാന കമ്പനി 30% ഡിസ്ക്കൗണ്ട് കൊടുത്തു കൊണ്ട് ലാഭകരമായി സർവ്വീസ് നടത്തി. 10% മാത്രം ഡിസ്ക്കൗണ്ട് കൊടു ക്കുന്ന എയർ ഇൻഡ്യ നഷ്ടമെന്ന് പറഞ്ഞുകൊണ്ട് സർവ്വീസുകൾ ഒന്നൊ ന്നായി കുറയ്ക്കുന്നു. മറ്റൊരു ദേശീയ കമ്പനിയായ ഇൻഡ്യൻ എയർലൈൻസ് ഇൻഡ്യയിലെ പ്രാദേശിക വിമാനത്താവളങ്ങളിൽനിന്നു പോലും വിദേശരാജ്യങ്ങളിലേക്ക് സർവ്വീസ് നടത്തുന്നു. കോയമ്പത്തൂർ, തൃച്ചി, ഹൈദരാബാദ് തുടങ്ങിയ പ്രാദേശിക വിമാനത്താവളങ്ങളിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

പോലും 40 സർവ്വീസുകൾ ആണ് പ്രതിവാരം ഇൻഡ്യൻ എയർലൈൻസ് വിദേശ രാജ്യങ്ങളിലേക്ക് നടത്തുന്നത്. തിരുവനന്തപുരത്തുനിന്ന് ഒരു സർവ്വീസ്പോലും ഓപ്പറേറ്റു ചെയ്യാൻ ഇൻഡ്യൻ എയർലൈൻസ് തയ്യാറാകുന്നില്ല. ഇത് തിരുവനന്തപുരം വിമാനത്താവളത്തോടുള്ള കടുത്ത അവഗണനയാണ്. എയർ ഇൻഡ്യ വെട്ടിക്കുറച്ച വിമാന സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തണം. അതുപോലെ ഇൻഡ്യൻ എയർലൈൻസും തിരുവനന്തപുരത്തുനിന്ന് സർവ്വീസുകൾ ഓപ്പറേറ്റു ചെയ്യാനുള്ള സമ്മർദ്ദം ചെലുത്തണം. ബഹുമാനപ്പെട്ട സ്പീക്കർതന്നെ ഈ കാര്യത്തിൽ പല പ്രാവശ്യം ചൂണ്ടിക്കാണിച്ചതുപോലെ തിരുവനന്തപുരം ഒരു പ്രധാനപ്പെട്ട ഇന്റർനാഷണൽ എയർപോർട്ട് എന്നുള്ള നിലയ്ക്ക് നെടുമ്പാശ്ശേരിയേയും കോഴിക്കോടിനേയും ലിങ്ക്ചെയ്തു കൊണ്ട് ഇവിടെനിന്ന് സർവ്വീസുകളാരംഭിക്കണം. തിരുവനന്തപുരം-ദുബായ്-അബുദാബി സർവ്വീസുണ്ട്. ദുബായ്-അബുദാബി ദൂരത്തേക്കാൾ കൂടുതലാണ് തിരുവനന്തപുരവും-നെടുമ്പാശ്ശേരിയുമായിട്ട്. ആ രീതിയിൽ സർവീസുകളാരംഭിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കും മറ്റുമുണ്ടായിരുന്ന വിമാന സർവ്വീസുകളിൽ ചിലത് എയർ ഇൻഡ്യ റദ്ദാക്കിയിട്ടുണ്ട്. വിമാന സർവ്വീസുകൾ റദ്ദാക്കുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാറുണ്ട്. ഈ കാര്യത്തിലാവശ്യമായ നടപടി കൈക്കൊള്ളാൻ കേന്ദ്ര വ്യോമയാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തോട് കാണിക്കുന്ന അവഗണന വീണ്ടും കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) കൊല്ലം ജില്ലയിലെ വാടി, മുദാക്കൽ തീരപ്രദേശങ്ങളിലുണ്ടായ സംഘർഷം

ശ്രീ. ബാബു ദിവാകരൻ : കഴിഞ്ഞ ദിവസങ്ങളിൽ കൊല്ലം ജില്ലയിലെ വാടി, തങ്കശ്ശേരി, മുദാക്കൽ പ്രദേശങ്ങളിൽപ്പെട്ട, പ്രധാനമായും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് രണ്ട് വിഭാഗങ്ങൾ, തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്ന് ഇപ്പോഴും അവിടെ ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. വളരെ നിസ്സാരമായ കാര്യത്തിനുവേണ്ടിയാണ് ഈ പ്രശ്നമാരംഭിച്ചത്. ഒരു പ്രദേശത്തെ ഒരു വ്യക്തി തൊട്ടടുത്ത പ്രദേശത്ത് ഒരു ചെരുപ്പ് നന്നാക്കാൻ കൊടുത്തതുമായി ബന്ധപ്പെട്ട് അവർ തമ്മിലുണ്ടായ ചെറിയൊരു പ്രശ്നമാണ് വലിയ സംഘർഷമായി മാറിയത്. ആ സംഘർഷമുണ്ടായതിനുശേഷം പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ആ സംഘർഷമുണ്ടായ പ്രത്യേക സാഹചര്യത്തിൽ ചില ഭവനങ്ങളിലുണ്ടായിരുന്ന നിരപരാധികളായ ഏതാനും പേർക്ക് സർവ്വതും നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. അക്രമികൾ നിരപരാധികളുടെ വീടുകളിൽ കയറി അവിടെയുണ്ടായിരുന്ന മുഴുവൻ വീട്ട് സാധനങ്ങളും, അതുവരെ അവർ സമ്പാദിച്ചിട്ടുള്ള മുഴുവൻ ആസ്തിയും നശിപ്പിക്കുകയുണ്ടായി. വീടുകൾക്ക് കേടുപാടുകൾ വരുത്തുകയും ടി.വി., ടെലിഫോൺ തുടങ്ങി സകലതും നശിപ്പിക്കുന്ന അക്രമ പ്രവർത്തനങ്ങളും ഇതിന്റെ മറവിൽ

LIBRARY ARCHIVES Kerala Legislative Assembly